## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5997 04/11/2016 ൽ മറുപടിക്ക്

## റീസർവ്വേ നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. ദാസൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കൊയിലാണ്ടി മണ്ഡലത്തിലെ വില്ലേജുകളിൽ ഭൂമിയുടെ റീസർവ്വേ നടപടികളുടെ പുരോഗതി എത്രമാത്രമെന്ന് വിശദമാക്കുമോ; | (എ) കൊയിലാണ്ടി മണ്ഡലത്തിൽ ആകെയുള്ള 9 വില്ലേജുകളിൽ ഇരിങ്ങൽ വില്ലേജിന്റെ റീസർവ്വെ നടപടികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. പയ്യോളി വില്ലേജിന്റെ റീസർവ്വെ നടപടികൾ പുരോഗതിയിലാണ്. മറ്റു വില്ലേജുകളിൽ റീസർവ്വെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| (ബി) റീസർവ്വേ നടപടികളുമായി ബന്ധപ്പെട്ട് കൊയിലാണ്ടി മണ്ഡലത്തിലെ വിവിധ വില്ലേജുകളിൽ നിന്ന് ഉയർന്നു വന്നിട്ടുള്ള പരാതികൾ എത്ര; വില്ലേജ് അടിസ്ഥാനത്തിൽ ഇത് പരിശോധിക്കപ്പെടുന്നുണ്ടോ; പരിഹാര നടപടികൾ ഉണ്ടോ; വിശദമാക്കുമോ; | (ബി) കൊയിലാണ്ടി മണ്ഡലത്തിൽ റീസർവ്വെ നടപടികളുമായി ബന്ധപ്പെട്ട് 1855 പരാതികൾ വന്നിട്ടുള്ളതിൽ 643 പരാതികൾ പരിഹരിച്ചിട്ടുണ്ട്. വില്ലേജടിസ്ഥാനത്തിൽ കൃത്യമായി പരിശോധിച്ച് അഡീഷണൽ തഹസിൽദാരുടെ നേതൃത്വത്തിൽ സമയബന്ധിതമായി പരാതി പരിഹാര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) കൊയിലാണ്ടി മണ്ഡലത്തിലെ ഭൂനികുതി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്യുന്ന നടപടി എത്രത്തോളം പുരോഗമിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) കൊയിലാണ്ടി മണ്ഡലത്തിലെ ഭൂനികുതി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്യുന്ന ജോലികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ